LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹോട്ടൽ/തട്ടുകടകൾ/ ബേക്കറികൾ എന്നിവ കേന്ദ്രീകരിച്ച് ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ പരിശോധന നടത്തുകയും വൃത്തിഹീനമായ അന്തരീക്ഷത്തിലോ പഴകിയതോ ആയ ഭക്ഷണം നൽകുന്ന സ്ഥാപനങ്ങൾക്കെതിരെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തിലും അനുബന്ധ ചട്ടങ്ങളിലും അനുശാസിക്കുംപ്രകാരമുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നു. ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ വില നിയന്ത്രിക്കുവാനായുള്ള നിയമനിർമ്മാണം പരിശോധനയിലാണ്. ഇതുസംബന്ധിച്ച് നടന്ന ചർച്ചകളിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ ഉൾപ്പെടുത്തി തികച്ചും ലളിതവും പ്രായോഗികവുമായ നിയമനിർമ്മണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കരട് ബിൽ തയ്യാറായിവരുന്നു.

(സി-ഇ) സാധാരണക്കാർ ആശ്രയിക്കുന്ന എല്ലാ ഹോട്ടലുകളെയും റെസ്റ്റോറന്റുകളെയും നിർദ്ദിഷ്ട നിയമത്തിന്റെ പരിധിയിൽ വരുത്തണമെന്നാണ് ഉദ്ദേശിക്കുന്നത്. വില വിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കാത്ത ഏതുതരം ഹോട്ടലുകളിലും ഭക്ഷ്യപൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥർ പരിശോധന നടത്തുകയും അത്തരത്തിൽ വില പ്രദർശിപ്പിക്കാത്തവർക്കെതിരെ നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു.

(എഫ്) ഇല്ല. ഇതുസംബന്ധിച്ച് നടന്ന ചർച്ചകളിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ ഉൾപ്പെടുത്തി തികച്ചും ലളിതവും പ്രായോഗികവുമായ നിയമനിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കരട് ബിൽ അന്തിമ ഘട്ടത്തിലാണ്.

സബ്സിഡിയോടെ വിതരണം ചെയ്യുന്ന ഉൽപ്പന്നങ്ങൾ

223 (1257) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽസപ്ലൈസ് കോർപ്പറേഷന്റെ പൊതുവിതരണ ശൃംഖലവഴി വിതരണം ചെയ്യുന്ന സബ്സിഡി ഉൽപ്പന്നങ്ങൾ ഏതെല്ലാമാണ് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സബ്സിഡി നൽകുന്ന ഉൽപ്പന്നങ്ങളുടെ എണ്ണം കുറച്ചിട്ടുണ്ടോ ; എങ്കിൽ അവ ഏതെല്ലാമാണ് ;

(സി) സബ്സിഡിയോടെ വിതരണം ചെയ്യുന്ന ഉൽപന്നങ്ങളുടെ വില ഈ സർക്കാർ എത്രതവണ വർദ്ധിപ്പിച്ചു എന്ന് വ്യക്തമാക്കാമോ ; എന്ത് നിരക്കിലായിരുന്നു വിലവർദ്ധനവ് എന്നറിയിക്കുമോ ;

(ഡി) പൊതുവിതരണ ശൃംഖലവഴി വിതരണം ചെയ്യുന്ന സബ്സിഡി ഉൽപ്പന്നങ്ങളുടെ നിലവിലെ വിലയും 2011 ജനുവരി മാസത്തെ വിലയും ഇനം തിരിച്ച് പ്രത്യേകം ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചെറുപയർ, ഉഴുന്ന് (ബോൾ), വൻകടല, വൻപയർ, തുവരപരിപ്പ്, മുളക്, മല്ലി, പഞ്ചസാര, ജയ അരി, കുറുവ അരി, മട്ട അരി, പച്ചരി (സോർട്ടക്സ്), വെളിച്ചെണ്ണ എന്നീ 13 ഇനം അവശ്യ വസ്തുക്കളാണ് ഇപ്പോൾ സബ്സിഡി നിരക്കിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പൊതുവിതരണ ശൃംഖലവഴി വിതരണം ചെയ്യുവരുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സപ്ലൈകോ വിൽപ്പന ശാലകളിൽ പൊതുവേ വിൽപ്പന കുറവുള്ളതും ജനങ്ങൾ കൂടുതലായി ആവശ്യപ്പെടാത്തതുമായ കടുക്, ജീരകം, ഉലുവ, ഉഴുന്ന് പിളർന്നത്, പീസ് പരിപ്പ്, ബോധന അരി, എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽനിന്നും ഒഴിവാക്കി പകരം കേരളത്തിലെ ജനങ്ങൾ കൂടുതലായി ആവശ്യപ്പെടുന്നതും കൂടുതൽ അളവിൽ ഉപയോഗിക്കുന്നതുമായ ചെറുപയർ, വൻകടല, ജയ അരി, കുറുവ അരി, വെളിച്ചെണ്ണ എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) അനുബന്ധം 1 ആയി ചേർക്കുന്നു.

(ഡി) അനുബന്ധം 2 ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.